12625
7/6/17

# GOVERNMENT OF KERALA

## Abstract

Co-operation Department – Constitution of Task Force for the formation of Kerala Kerala Co-operative Bank and the nomination of Sri. V.R. Raveendranath, Chief General Manager (Rtd), NABARD as the Chairman of the Task Force - Sanctioned - Orders issued.

**CO-OPERATION (B) DEPARTMENT**

**G.O.(Ms) No. 18/2017/Co-op Dated,Thiruvananthapuram, 02/06/2017**

## ORDER

Government have in principle decided to set up 'Kerala Co-operative Bank' after restructuring the present three tier system in the Co-operative Sector. Accordingly a High Level Committee was constituted by the Government to study the issue and the committee has recommended among other things, for the constitution of a Task Force for the formation of the Bank.

Having examined the report in detail Government are pleased to order the constitution of the Task Force with Sri. V.R. Raveendranath, Chief General Manager (Rtd), NABARD as the Chairman.

The other expert members in the field of Co-operation, Law, IT and Banking in the Task Force will be nominated separately.

**(By Order of the Governor)**
**P. VENUGOPAL**
**SPECIAL SECRETARY TO GOVERNMENT**

To

The Registrar of Co-operative Societies, Thiruvananthapuram.
Sri. V.R. Raveendranath, Chief General Manager (Rtd), NABARD (Through the Registrar of Co-operative Societies)
The Accountant General (A&E/Audit), Thiruvananthapuram.
The Finance Department.
The Information Officer, Web & New Media, I & PRD.
GA (SC) Department
Stock File/Office Copy.

Forwarded/By Order

Section Officer

Copy to :-
1. Officer on Special Duty to Chief Minister.
2. PS to Minister (Co-operation)
3. PA to Special Secretary (Co-operation) Department.
4. CA to Additional Secretary (Co-operation) Department.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-05-2017

ഇനം നം: 1080
O.A.

വിഷയം : സഹകരണ വകുപ്പ് - കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച് അതിന്റെ മേധാവിയായി ഒരു ഓഫീസറെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. സഹകരണം, ഐ.ടി., ബാങ്ക്, നിയമം തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തുവാനും പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ മേധാവിയായി നബാർഡിൽ നിന്നും 31.05.2017-ന് റിട്ടയർ ചെയ്യുന്ന ചീഫ് ജനറൽ മാനേജർ ശ്രീ. വി.ആർ. രവീന്ദ്രനാഥിനെ നിയമിക്കുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

1515688/2017/OS (CO-OP)

1080
O/A

# മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പ്

## കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് അതിന്റെ മേധാവിയായി ഒരു ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച്

കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 29.09.2016 ന് 5 അംഗവിദഗ്ധ സമിതിയെ നിയമിച്ചിരുന്നു. ബാംഗ്ലൂർ ഐ.ഐ.എം പ്രൊഫസർ ശ്രീ. എം.എസ്. ശ്രീറാം ചെയർമാനായ വിദഗ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദമായി പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിന് ,സമർപ്പിക്കേണ്ടതുണ്ട്. സർക്കാരിന്റെ അംഗീകാരത്തിനുശേഷം വിദഗ്ധ സമിതി മുന്നോട്ട് വച്ചിട്ടുള്ള തുടർനടപടി നിർദ്ദേശങ്ങളിൽ സമയബന്ധിതമായ പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതുമുണ്ട്. വിദഗ്ധ സമിതി മുന്നോട്ട് വച്ചിട്ടുള്ള തുടർനടപടി നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1) ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും പ്രോജക്ട് അഡ്വൈസറി ബോർഡും രൂപീകരിക്കുക.
2) കേരള സഹകരണ നിയമത്തിലും ചട്ടത്തിലും അവശ്യം വേണ്ട ഭേദഗതികൾ വരുത്തുക.

3)റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവയിൽ നിന്നും തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

4) കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് മൂലധന പിന്തുണ, സാങ്കേതിക വിദ്യാ സംയോജനം, മനുഷ്യവിഭവ ശേഷി വികസനം എന്നീ ആവശ്യങ്ങൾക്കായി 1000 കോടി രൂപയുടെ ബജറ്റ് വിഹിതം ദീർഘകാല കടമായോ (Long term subordinated debt), ഗ്രാന്റായോ അനുവദിക്കുക.

5)ജില്ലാ സഹകരണ ബാങ്ക് തലത്തിൽ സംയോജനത്തിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ആയതിനായി സാമ്പത്തിക-സാമ്പത്തികേതര ആസ്തികൾ സംയോജിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഡിറ്റ് 31 മാർച്ച് 2017 ലെ സ്ഥിതി വിവര കണക്കുകൾ അടിസ്ഥാനപ്പെടുത്തി നടത്തുകയും ചെയ്യുക.

6) കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സാങ്കേതികവിദ്യാ പ്ലാറ്റ്ഫോമുമായി പ്രാഥമിക ബാങ്കുകളുടെ കോർ ബാങ്കിംഗ് സംവിധാനം ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്താമെന്ന ധാരണ ഉണ്ടാക്കിയെടുക്കുകയും അതിനായി സമാന്തര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

7) ഈ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുകയും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങളിൽ വിലപ്പെട്ടവ ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ ശുപാർശകളിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്യുക.

മേൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച് ഒരു ഉന്നത ഉദ്യോഗസ്ഥനെ അതിന്റെ മേധാവിയായി നിയമിക്കുന്നത് ഉചിതമായിരിക്കും.

**തീരുമാനിക്കേണ്ട വിഷയം**

കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച് ഒരു ഉന്നത ഉദ്യോഗസ്ഥനെ അതിന്റെ മേധാവിയായി നിയമിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ ഉദ്യോഗസ്ഥനെ നിയമിക്കാമോ?

കടകംപള്ളി സുരേന്ദ്രൻ
സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി